27.25 കി.മീ. വരെയുള്ളതിൽ സ്ഥലം ഏറ്റെടുത്ത 15 കി.മീ. വരെയുള്ള ചെയിനേജിൽ 7.30 കി.മീ. വരെയുള്ള കനാലിന്റെ എല്ലാ പണികളും പൂർത്തീകരിച്ച് 2014-15 വർഷത്തിൽ 7.3 കി.മീ. വരെ വെള്ളം ഇറന്നുവിട്ടതുമാണ്. ബാക്കി ചെയിനേജ് 7.30 കി.മീ. മുതൽ 15 കി.മീ. വരെയുള്ള ഭാഗത്ത് 4 പണികൾ പൂർത്തീകരിക്കാനുണ്ട്. ലിങ്ക് കനാൽ ചെയിനേജ് 2 കി.മീ. വരെ 2 പ്രവൃത്തികൾ ഒഴികെ ബാക്കി പണികളെല്ലാം പൂർത്തീകരിച്ചിട്ടുള്ളതുമാണ്. മൂവാറ്റുപുഴ വാലി ജലസേചന പദ്ധതിയുടെ 65.473 കി.മീ. മെയിൻ കനാലിന്റെ 100% പണികളും 57.154 കി.മീ. ബ്രാഞ്ച് കനാലുകളുടെ 54.645 കി.മീ. നീളം (96%) പണികളും 218 കി.മീ. ഡിസ്ട്രിബ്യൂട്ടറികളുടെ 190.5 കി.മീ. നീളം (87%) പണികളും പൂർത്തിയാക്കിയിട്ടുണ്ട്.

പുളിക്കാൽ ക്രോസ് ബാർ-കം-ബ്രിഡ്ജ്

207(2676) ശ്രീ. ഇ. ചന്ദ്രശേഖരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മടിക്കൈ പഞ്ചായത്തിലെ പുളിക്കാൽ ക്രോസ് ബാർ കം ബ്രിഡ്ജ് അപകടാവസ്ഥയിലാണെന്ന കാര്യവും, ക്രോസ് ബാർ ചോർച്ചയുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനായി ചീഫ് എഞ്ചിനീയർ എസ്റ്റിമേറ്റ് നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) എസ്റ്റിമേറ്റ് തയ്യാറാക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിലെ കുടിവെള്ള പദ്ധതി

208(2677) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ നഗരസഭാ പ്രദേശങ്ങളിൽ കുടിവെള്ളമെത്തിക്കുവാൻ നടപ്പിലാക്കുന്ന കുടിവെള്ള പദ്ധതിയുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പ്രവൃത്തി പൂർത്തീകരിച്ച് ജനങ്ങൾക്ക് കുടിവെള്ളം വിതരണം ചെയ്യുവാൻ എപ്പോൾ സാധിക്കുമെന്ന് അറിയിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പയ്യന്നൂർ നഗരസഭ (മുനിസിപ്പാലിറ്റി)യിൽ UIDSSMT പദ്ധതി പ്രകാരം കുടിവെള്ളമെത്തിക്കുവാനുള്ള പദ്ധതിയുടെ ഇൻടേക്ക് വെൽ കം പമ്പ് ഹൗസ് ഒഴിച്ച് മറ്റ് ഘടകങ്ങൾ പൂർത്തിയായി. വിതരണ ശൃംഖലയുടെ ബാക്കി പ്രവൃത്തി പൂർത്തീകരണ ഘട്ടത്തിലാണ്. ഇൻടേക്ക് വെൽ കം പമ്പ് ഹൗസിന്റെ പ്രവൃത്തി പ്രദേശവാസികളുടെ എതിർപ്പുമൂലം ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല.

(ബി) UIDSSMT പദ്ധതി പ്രകാരമുള്ള പദ്ധതിക്ക് തടയണ നിർമ്മാണവും ഇൻടേക്ക് വെല്ലിന്റെ പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തടസ്സങ്ങളും നീങ്ങിയാൽ മാത്രമേ പദ്ധതി ആരംഭിക്കുവാൻ കഴിയുകയുള്ളൂ. ജനങ്ങൾക്ക് കുടിവെള്ള വിതരണം നടത്തുന്നതിന് താൽക്കാലികമായ പരിഹാരമെന്ന നിലയിൽ പ്രസ്തുത പദ്ധതി ജിക്ക പട്ടുവം കുടിവെള്ള പദ്ധതിയുമായി ബന്ധിപ്പിച്ച് ജലവിതരണം ആരംഭിക്കുവാനാവശ്യമായ ട്രയൽ റൺ നടന്നുവരുന്നു. വിതരണ ശൃംഖലയുടെ ബാക്കി ഭാഗത്തിന്റെ പ്രവൃത്തികൾ പൂർത്തീകരണ ഘട്ടത്തിലാണ്. 2016 ജനുവരി മാസം അവസാനത്തോടെ പ്രസ്തുത പ്രവൃത്തി കമ്മീഷൻ ചെയ്യുവാൻ കേരള വാട്ടർ അതോറിറ്റിക്ക് സാധിക്കുന്നതാണ്.

സെൻട്രൽ പബ്ലിക് ഹെൽത്ത് & എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷന്റെ മാനദണ്ഡങ്ങൾ

209(2678) ശ്രീ. എളമരം കരീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടിവെള്ള വിതരണ പദ്ധതികളിൽ കണക്ഷനുകളുടെ എണ്ണത്തിനനുസരിച്ച് എത്ര ജീവനക്കാർ വേണമെന്നതിനെപറ്റി CPHEEO (സെൻട്രൽ പബ്ളിക് ഹെൽത്ത്&എൻവയോൺമെന്റൽ എഞ്ചിനീയറിംഗ് ഓർഗനൈസേഷൻ) നിഷ്കർഷിച്ചിട്ടുള്ള മാനദണ്ഡങ്ങൾ നിലവിലുണ്ടോ; വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത മാനദണ്ഡമനുസരിച്ച് ഒരു അസിസ്റ്റന്റ് എഞ്ചിനീയറുടെ അധികാരപരിധിയിൽ പരമാവധി എത്ര വാട്ടർ കണക്ഷൻ വരെ ആകാമെന്ന് വ്യക്തമാക്കുമോ ;

GPM. 2/242/2020-40